**പതിമൂന്നാംകേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1365** | **13.12.2012 - ൽ മറുപടിക്ക്**

## പാപ്പിനിശ്ശേരി - പിലാത്തറ കെ. എസ്.റ്റി. പി. റോഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. റ്റി. വി. രാജേഷ്** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) | കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ പാപ്പിനിശ്ശേരി - പിലാത്തറ റോഡിന്റെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | ലോകബാങ്ക് സഹായത്തോടുകൂടി രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി പിലാത്തറ - പാപ്പിനിശ്ശേരി - റോഡിന്റെ അപ്ഗ്രഡേഷൻ പണിക്കുള്ള ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന് എന്തൊക്കെ സവിശേഷതകളാണുള്ളത് ; എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; | (ബി) | അന്താരാഷ്ട്ര നിലവാരത്തിൽ റോഡ് നവീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ റോഡിന് 145,28,64,418/- രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (സി) | റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും ; വിശദമാക്കുമോ ? | (സി) | 2013 മാർച്ച് മാസത്തോടുകൂടി ഇതിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. |

Sd/-

സെക്ഷൻ ഓഫീസർ